പതിനഞ്ചാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
ബുള്ളറ്റിൻ ഭാഗം-2
2024 ജൂൺ 20

നമ്പർ :519

**നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരികമാക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾക്കായി ശ്രീ. മാത്യു ടി. തോമസ് എം. എൽ. എ. ചെയർമാനായി രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയായി അംഗീകരിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും മറ്റനുബന്ധ കാര്യങ്ങളും പഠിച്ച് ശിപാർശ നൽകുന്നതിനായി ശ്രീ. മാത്യു ടി. തോമസ് എം. എൽ. എ. അദ്ധ്യക്ഷനായി ബഹു. സ്പീക്കർ രൂപീകരിച്ചിരുന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി ബഹു. സ്പീക്കർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ 5-ാം ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്ന ചുവടെപ്പറയുന്ന ഭേദഗതികൾ ബഹു. സ്പീക്കർ അടിയന്തര പ്രാബല്യം നൽകി അംഗീകരിച്ചിരിക്കുന്നു.

(i) ചട്ടങ്ങളിൽ " സത്യപ്രതിജ്ഞ " എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം " ശപഥം" എന്നും " സത്യവാചകം/ദൃഢപ്രതിജ്ഞ" എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം " പ്രതിജ്ഞ" എന്നും പകരം ചേർക്കേണ്ടതാണ്.

(ii) അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നതിനുശേഷം ഒപ്പിടുന്ന പുസ്തകത്തിന് "ഹാജർ പട്ടിക" എന്നതിന് പകരം "അംഗത്വരജിസ്റ്റർ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) ചട്ടം 10 - ന്റെ മാർജിനൽ ശീർഷകം "അദ്ധ്യക്ഷത വഹിക്കുന്ന ഡെപ്യൂട്ടി സ്പീക്കറുടെയോ മറ്റ് അംഗത്തിന്റെയോ അധികാരങ്ങൾ" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(iv) " Motion" എന്ന വാക്കിന്റെ പരിഭാഷയായി നിലവിലെ ചട്ടങ്ങളിൽ " പ്രമേയം" എന്ന് ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം " ഉപക്ഷേപം" എന്ന് പകരം ചേർക്കേണ്ടതാണ്.

(v) നിലവിലെ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ള " അടിയന്തരപ്രമേയം" എന്ന വാക്കിന് പകരം " നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം" എന്നും " നന്ദിപ്രമേയം" എന്ന വാക്കിന് പകരം " നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം" എന്നും " അവിശ്വാസപ്രമേയം" എന്ന വാക്കിന് പകരം " അവിശ്വാസം രേഖപ്പെടുത്തുന്ന ഉപക്ഷേപം" എന്നും ചേർക്കേണ്ടതാണ്.

2. ചട്ടങ്ങളുടെ മലയാള പരിഭാഷയെ ആധികാരിക രേഖയാക്കുന്നത് സംബന്ധിച്ച് ലഭ്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി അതിന്റെ റിപ്പോർട്ടിലെ 4-ാം ഖണ്ഡിക പ്രകാരം നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ പഠന വിധേയമാക്കുന്നതിലേക്കായി ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

3. കൂടാതെ, ചട്ടം 24, 265(1) എന്നിവയിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ടിലെ 6,7 ഖണ്ഡികകളിലെ ശിപാർശകൾ കൂടി ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി